സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സ്ഥിതി

8 (340) ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. കെ. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1990-91 മുതൽ ഇതുവരെ ഓരോ ധനകാര്യ വർഷവും പ്രതീക്ഷിച്ച കമ്മിയോ മിച്ചമോ എത്ര വീതമാണ്;

(ബി) ഓരോ വർഷവും അവസാനിച്ചപ്പോൾ ഉണ്ടായ കമ്മിയോ മിച്ചമോ എത്രവീതമായിരുന്നു;

(സി) ഓരോ വർഷത്തേയും ബാലൻസ് ഓഫ് കറണ്ട് ഇയേഴ്സ് റവന്യൂ എത്രയായിരുന്നു;

(ഡി) ഓരോ വർഷവും ബി.സി.ആർ കുറയുവാനുള്ള കാരണമെന്ത്;

(ഇ) 1990-91 മുതൽ ഓരോ വർഷവും കേന്ദ്രത്തിൽ നിന്ന് സംസ്ഥാനത്തിന് ലഭിച്ച തുക എത്ര വീതമായിരുന്നു?

ഉത്തരം

(എ)

	മിച്ചം	കമ്മി
1990-91	17.51	
91-92	3.24	
92-93	4.32	
93-94	43.24	
94-95	...	52.53
95-96		202.88
96-97		423.20
97-98		994.78
98-99		352.86
99-2000		115.69

(ബി)

	മിച്ചം	കമ്മി
1990-91	13.66	...
91-92	...	45.22
92-93	127.52	...
93-94	41.32	...
94-95	16.35	...
95-96	4.62	...
96-97	..	16.35
97-98	127.88	...
98-99	..	15.78
99-2000	..	113.61

(സി)

90-91	(-)	340.70
91-92	(-)	266.99
92-93	(-)	220.38

LIBRARY ARCHIVES Kerala Legislative Assembly

93-94	(-)	202.59
94-95	(-)	230.08
95-96	(-)	106.29
96-97	(-)	139.06
97-98	(-)	248.02
98-99	(-)	435.96
99-2000	(-)	2069.01

(ഡി) റവന്യൂ വരുമാനത്തിൽ വന്ന കുറവും നോൺ പ്ലാൻ ചെലവിനങ്ങളിൽ വന്ന വർദ്ധനവുമാണ് ബി.സി.ആർ. കുറയുവാനുള്ള കാരണം.

(ഇ) 1990-91 മുതൽ കേന്ദ്രത്തിൽ നിന്നും ലഭിച്ച തുകയുടെ വിശദാംശം ചുവടെ കണ്ടാലും.

1990-91	853.77 കോടി രൂപ
91-92	943.46 കോടി രൂപ
92-93	1152.37 കോടി രൂപ
93-94	1253.96 കോടി രൂപ
94-95	1470.97 കോടി രൂപ
95-96	1505.39 കോടി രൂപ
96-97	1732.78 കോടി രൂപ
97-98	2065.05 കോടി രൂപ
98-99	1990.90 കോടി രൂപ
99-2000	2217.53 കോടി രൂപ

വെയ്സ് ആന്റ് മീൻസ് അഡ്വാൻസ്

9 (341) <u>ശ്രീ. പി.പി. തങ്കച്ചൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം എത്ര പ്രാവശ്യം വെയ്സ് ആന്റ് മീൻസ് അഡ്വാൻസ് എടുത്തിട്ടുണ്ട്; എന്തെല്ലാമാണ് ഇപ്രകാരം വെയ്സ് ആന്റ് മീൻസ് അഡ്വാൻസ് എടുത്തിട്ടുള്ളത്;

(ബി) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം വെയ്സ് ആന്റ് മീൻസ് അഡ്വാൻസ് എടുത്ത തുക മടക്കിയടയ്ക്കുന്നതിന് ലോൺ എടുത്ത സംഭവം ഉണ്ടായിട്ടുണ്ടോ;

(സി) എങ്കിൽ എത്ര പ്രാവശ്യം ഇപ്രകാരം ലോൺ എടുക്കേണ്ടതായി വന്നിട്ടുണ്ട്; എന്തൊക്കെവയാണ് ലോണെടുത്ത് വെയ്സ് ആന്റ് മീൻസ് അഡ്വാൻസ് അടച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം 2000 നവംബർ വരെ 440 തവണ വെയ്സ് ആന്റ് മീൻസ് അഡ്വാൻസ് എടുത്തിട്ടുണ്ട്: ഓരോ വർഷത്തെയും കണക്ക് താഴെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly